# കഥാകവിതകൾ - 3

## *നെറ്റി ചുളിക്കുന്നതിനു മുമ്പ്*

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

എലിയട്ടിന്റെ ചരമക്കുറിപ്പ് പൊതിഞ്ഞുവന്ന ആഴ്ച്ചപ്പതിപ്പ് മഴവെള്ള-വഞ്ചിയിൽ തുറിച്ചുനോക്കിയ വെള്ളക്കറുപ്പുചിത്രം: ശൈവന്റെ ഭസ്മക്കുറിവിരലിൽ ചെഞ്ചേരവരകൾ ചാലുതീർത്ത് നെറ്റിത്തടക്കലപ്പയുഴുത ചിന്ത.

മൂത്തോർ ഇളയതോടു ചൊല്ലി: "വായനയും ചിന്തയും കൊള്ളാം; ഗുണപാഠഗുളിക തേനിൽ പുരട്ടുക. ഗാഢശ്രദ്ധയിൽ മൂള മൂളുമ്പോൾ നെറ്റിത്തടം ചലിക്കാതെ, ഉപരിതലച്ചിന്തയിൽ അഭിരാമിയെയോർക്കുക. പാഠം മനസ്സിൽ ധ്യാനിച്ചുറങ്ങാതെ, ഉറക്കെക്കൂകി നേരം വെളുപ്പിക്കൂ — ചുളിഞ്ഞ വയസ്സൻ ജഡത്തേക്കാൾ തിളങ്ങും ചെറുമൃതദേഹമഭികാമ്യം?

തൊലിപ്പുറത്തലോടലിൽ സംഘഗാനത്തന്ത്രമൂട്ടും തന്ത്രിയായ്, കഠിനപദാവലി വാച്യാർത്ഥപ്പെരുമാളുടെ ശ്രീകോവിലിൽ പ്രഭാതപ്രദോഷ പൂജാമാല്യം ചാർത്തും.

വായിച്ചുകേട്ട വിടുവായ്ച്ചിന്തകൾ, ആഴത്തിൽ സംഗ്രഹ സംക്ഷേപാർത്ഥം ഗ്രഹിക്കാൻ, ബുദ്ധിക്കരം കൊടുക്കാതെ, മടങ്ങാത്ത തിരുനെറ്റിക്കൂട്ടത്തിനു വിശ്രമം.

അളികം ചുളിഞ്ഞളിഞ്ഞാൽ എന്തുതോന്നും അളിവേണിക്കെന്നുള്ള
ഗാനശകലമോർത്ത്, ഇടങ്കയ്യാൽ നെറ്റി മേലോട്ടു കേറ്റിവലിച്ച്,
വരമ്പു തീർക്കാൻ നിഷേധാനുവാദപ്പത്രിക.

ഫലമില്ലാ കർമ്മകാണ്ഡത്തിന് ഇടതടവില്ലാക്കാനൽജലം
സേചനക്കുഴലൂതിക്കൊടുക്കവേ, നെറ്റി വിയർക്കാതെ ചുളിക്കാതെ നീരാട്ടും;
അണപ്പല്ല് ചലിക്കാതെ ചവയ്ക്കും സേവയും.

ആദ്യാന്ത പാദപ്പൊരുത്തമില്ലാത്ത കഥാന്ത്യം:
എത്ര തടഞ്ഞിട്ടും ത്വക്കിൻ കോശമുകുളം

കിണറിൻ പാമ്പൂരിപോൽ പിരിഞ്ഞുപുളയും —
*** “ബൊച്ചുലൈനം” കൈവിഷത്തന്മാത്ര
സൂചിമുനയിലിറ്റിച്ച് മൃദുലമനസ്സിൻ
നിമ്നോന്നതങ്ങൾ തിരുമ്പിത്തടവി
ഓർമ്മനാശിനിപ്പുളിനത്തിൽ
നിരപ്പാക്കൽക്കർമ്മ-
നെരിപ്പോടു തെളിയിക്കും!
****************************************************************************************************

*** Botulinum: അറിയപ്പെടുന്ന ഏറ്റവും കടുത്ത വിഷം. ഇത് തൊലിച്ചുളിവകറ്റാൻ ഉപയോഗിക്കുന്നു.

typed on 05/30/2014